**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4893** **26.06.2019 ൽ മറുപടിയ്ക്ക്**

**<u>സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസ്സ് സർവ്വീസ്</u>**

| **ചോദ്യം**<br>**എ.പി. അനിൽ കുമാർ** | | **മറുപടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ക്ക് മാത്രം അവകാശമുള്ള സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>സ്വകാര്യ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകളിൽ നിലവിൽ സൂപ്പർക്ലാസ് സർവ്വീസുകളായിട്ടല്ല ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകളായിട്ടാണ് അനധികൃതമായി സർവ്വീസ് നടത്തിവരുന്നത്. |
| (ബി) | സ്വകാര്യ ബസ്സുകളുടെ പ്രസ്തുത സർവ്വീസ് നിയന്ത്രിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് വിജ്ഞാപനം ഇറക്കിയിരുന്നോ; വ്യക്തമാക്കുമോ; | (ബി) | വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഫാസ്റ്റ് പാസഞ്ചർ മുതൽക്കുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിന് 16.7.2013 ലെ ജി.ഒ.(പി).73/13 നമ്പർ പ്രകാരം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യെ മാത്രമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | എങ്കിൽ പ്രസ്തുത വിജ്ഞാപനം നിലനിൽക്കുന്ന സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി.ക്ക് അനുകൂലമായി കോടതി വിധി ഉള്ളതിനാലും എപ്രകാരമാണ് സ്വകാര്യ ബസ്സുകൾ പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത്; വ്യക്തമാക്കുമോ? | (സി) | 20/08/2015 തീയതിയിലെ ജി.ഒ(പി) 45/2015 നമ്പർ ഉത്തരവ് പ്രകാരം സൂപ്പർക്ലാസ് പദവി നഷ്ടപ്പെട്ട് പെർമിറ്റ് നഷ്ടപ്പെട്ട നിലവിലുള്ള സ്റ്റേജ് ക്യാരേജുകൾക്ക് മാത്രം ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളായി പെർമിറ്റ് നൽകാൻ ആർ.ടി.എ. കൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യ ബസുകൾ പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**